വ്യക്തിഗത ആനുകൂല്യത്തിനായി പഞ്ചായത്തുകൾ വഴി ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടിക്രമം

241 (1666) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വ്യക്തിഗത ആനുകൂല്യത്തിനായി തൃതല പഞ്ചായത്തുകൾവഴി ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടിക്രമം വിശദമാക്കാമോ ; ഇത് സംബന്ധിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ ;

(ബി) ഇതിൽ ഗ്രാമസഭകൾക്കുള്ള പങ്ക് വിശദമാക്കാമോ ;

(സി) ഗ്രാമസഭകളുടെ മിനിട്സ് എഴുതുന്നതിനുള്ള സംവിധാനം എന്താണ് ; ഇത് സംബന്ധിച്ച് സർക്കാർ ഉത്തരവുണ്ടോ ; എങ്കിൽ പകർപ്പ് നൽകുമോ ?

ഉത്തരം

(എ) പഞ്ചായത്ത്രാജ് സ്ഥാപനങ്ങളുടെ സംഗതിയിൽ അടിസ്ഥാനപരമായി ഗ്രാമസഭയാണ് ഗുണഭോക്താക്കളെ കണ്ടെത്തേണ്ടത്. ജില്ലാപഞ്ചായത്തിനും ബ്ലോക്ക് പഞ്ചായത്തിനും ഗ്രാമസഭ വിളിച്ചു കൂട്ടുവാൻ കഴിയാത്തതിനാൽ അവർ ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുവഴി ഗുണഭോക്താക്കളെ തെരഞ്ഞെടുക്കണം. അതത് ഗ്രാമപഞ്ചായത്തുകൾ ഗ്രാമസഭവഴി തെരഞ്ഞെടുപ്പ് പ്രക്രിയ നടത്തുകയും തെരഞ്ഞെടുക്കപ്പെട്ട ഗുണഭോക്താക്കളുടെ പട്ടിക അംഗീകാരത്തിനായി ബ്ലോക്ക് പഞ്ചായത്തിനോ, ജില്ലാ പഞ്ചായത്തിനോ നൽകുകയും ചെയ്യും.

ഗ്രാമപഞ്ചായത്ത് നടപ്പിലാക്കുന്ന പദ്ധതികൾക്കുവേണ്ടി തെരഞ്ഞെടുക്കുന്ന ഗുണഭോക്താക്കളുടെ സംഗതിയിൽ ഒരു പ്രത്യേക പദ്ധതിയിലേക്ക് ഓരോ വാർഡിനും വേണ്ട മുൻഗണനാ ലിസ്റ്റ് ഗ്രാമസഭ തയ്യാറാക്കുകയും അർഹതയ്ക്കും മുൻഗണനാക്രമത്തിനുമുള്ള മാനദണ്ഡങ്ങൾ അടിസ്ഥാനമാക്കി പഞ്ചായത്ത് തലത്തിൽ തെരഞ്ഞെടുക്കുകയുമാണ് വേണ്ടത്. പഞ്ചായത്തുകൾ ആവിഷ്കരിക്കുന്ന പദ്ധതികളുടെ കാര്യത്തിൽ ഡി.പി.സി. അംഗീകരിച്ച പ്രോജക്ടിൽ പറഞ്ഞിട്ടുള്ള പ്രകാരം പഞ്ചായത്ത് അർഹതാ മാനദണ്ഡം തീരുമാനിക്കുകയും അർഹരായ ഗുണഭോക്താക്കളുടെ മുൻഗണനാ ലിസ്റ്റ് തയ്യാറാക്കുകയും ചെയ്യേണ്ടതാണ്. ഓരോ വാർഡിലെയും മുൻഗണനാ ക്രമലിസ്റ്റിനോടൊപ്പം വസ്തുതകളുടെ പരിശോധന പൂർത്തിയാക്കിയതിനുശേഷം മുൻഗണനാക്രമത്തിന്റെ വ്യക്തമായ മാനദണ്ഡങ്ങൾ അടിസ്ഥാനമാക്കി ഗ്രാമപഞ്ചായത്തിന് മൊത്തത്തിൽ ഒരു പട്ടിക തയ്യാറാക്കേണ്ടതാണ്. ഇത് ഗ്രാമപഞ്ചായത്ത് കമ്മിറ്റി യോഗത്തിൽ തയ്യാറാക്കേണ്ടതും ഒരു കരട് ലിസ്റ്റ് പ്രസിദ്ധീകരിക്കേണ്ടതുമാണ്. കരട് ലിസ്റ്റിന്മേൽ ആക്ഷേപമുള്ള പക്ഷം കൂടുതൽ പരിശോധന നടത്തിയതിനുശേഷം ഗ്രാമപഞ്ചായത്ത് അത് പരിഗണിക്കേണ്ടതും അത് സ്വീകരിക്കുകയോ, തള്ളിക്കളയുകയോ ചെയ്യുന്നതിനുള്ള അഭിപ്രായം രേഖപ്പെടുത്തേണ്ടതുമാണ്. അതിനുശേഷം അന്തിമലിസ്റ്റ് പ്രസിദ്ധപ്പെടുത്തണം. ഉത്തരവ് ജി.ഒ(പി) നമ്പർ 220/97/എൽ.എ.ഡി. തീയതി 2-10-1997 തദ്ദേശ സ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനുള്ള അധികാരം ഗ്രാമസഭകൾക്കാണ്. ഒരു ഗ്രാമപഞ്ചായത്ത് നടപ്പിലാക്കുന്ന പദ്ധതിക്കുവേണ്ടി ഓരോ വാർഡിനും വേണ്ട മുൻഗണനാലിസ്റ്റ് ഗ്രാമസഭയാണ് തയ്യാറാക്കുന്നത്. പഞ്ചായത്ത് ഏർപ്പെടുത്തുന്ന ക്രമീകരണങ്ങൾ ഉപയോഗിച്ച് ഗ്രാമസഭ മുമ്പാകെ സാധ്യമാവുന്നത്ര അപേക്ഷകളെപ്പറ്റി അന്വേഷിക്കുകയാണ് ചെയ്യുന്നത്. ഗുണഭോക്താക്കളുടെ കരട് ലിസ്റ്റ് ഗ്രാമസഭയിൽ അവതരിപ്പിച്ച് ഗ്രാമസഭ അംഗീകാരം നൽകേണ്ടതാണ്. ഗ്രാമസഭ അംഗീകരിച്ച ഗുണഭോക്തൃലിസ്റ്റിന്മേലുള്ള ആക്ഷേപം അന്വേഷിച്ച് വസ്തുതാപരമാണെന്ന് ബോദ്ധ്യമായാൽ ഗുണഭോക്താവിന് അനുവദിച്ച സ്ഥാനം മാറ്റണമെങ്കിൽ വീണ്ടും ഗ്രാമസഭയിൽ അവതരിപ്പിച്ച് അംഗീകാരം വാങ്ങേണ്ടതാണ്.

(സി) 1994-ലെ കേരള പഞ്ചായത്ത്‌രാജ് ആക്ട് വകുപ്പ് 3 എ (5) പ്രകാരം ഗ്രാമസഭയുടെ കോ-ഓർഡിനേറ്ററായി ഗ്രാമപഞ്ചായത്ത് നാമനിർദ്ദേശം ചെയ്യുന്ന ഉദ്യോഗസ്ഥൻ ഗ്രാമസഭയുടെ യോഗങ്ങൾ വിളിച്ചുകൂട്ടുന്നതിനും അവയുടെ നടത്തിപ്പിനും തീരുമാനങ്ങൾ മിനിട്ട്സ് ബുക്കിൽ രേഖപ്പെടുത്തുന്നതിനും തുടർ നടപടികളെടുക്കുന്നതിനും കൺവീനറെ സഹായിക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. കൂടാതെ 9-8-2002-ലെ 33276/ഡിപി1/02/തദ്ദേ നമ്പർ സർക്കുലർ പ്രകാരം മാർഗ്ഗ നിർദ്ദേശം പുറപ്പെടുവിച്ചിട്ടുമുണ്ട്. (പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.)*

വികേന്ദ്രീകൃതാസൂത്രണ ഏകോപന സമിതി അംഗീകാരം നൽകിയ പദ്ധതികൾ

242 (1667) <u>ശ്രീ. എ. കെ. ബാലൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2014-15-ൽ പഞ്ചായത്തുകളുടെ എത്ര പദ്ധതികൾക്കാണ് സംസ്ഥാനതല വികേന്ദ്രീകൃതാസൂത്രണ ഏകോപന സമിതി അംഗീകാരം നൽകിയത്; എത്ര കോടി രൂപയുടേതാണ് ഈ വാർഷിക പദ്ധതി ; വിശദമാക്കുമോ ;

(ബി) ഇതിൽ എത്ര പദ്ധതികൾ ഇതുവരെ പൂർത്തീകരിച്ചു ; എത്ര കോടി രൂപയുടേതാണ് ഈ പദ്ധതികൾ ; വ്യക്തമാക്കുമോ ;

(സി) 2014-15-ലെ വാർഷിക പദ്ധതിയിൽ എത്ര കോടി രൂപ വകമാറ്റാൻ അനുവാദം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ; ഏതെല്ലാം പദ്ധതികൾ എന്നത് സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(ഡി) പഞ്ചായത്തുകളുടെ പദ്ധതി തുക വിനിയോഗത്തിന് ഏർപ്പെടുത്തിയിട്ടുള്ള ട്രഷറി നിയന്ത്രണങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ഇ) ഈ നിയന്ത്രണം പഞ്ചായത്തുകളുടെ പദ്ധതി പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിച്ചതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ വിശദമാക്കാമോ ?

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly